294605/2021/(J),DCKNR

28/01/21

പ്രേഷിതൻ

ചെയർമാൻ,

സാമൂഹ്യാഘാത പഠന യൂനിറ്റ് ,

വിജിൽ, മട്ടന്നൂർ.

സ്വീകർത്താവ്.

ജില്ലാ കലക്ടർ

കണ്ണൂർ.

സർ,

വിഷയം :- സാമൂഹ്യാഘാത പഠനം - തുരുത്തിക്കടവ് പാലത്തിലേക്കുള്ള അപ്രോച്ച് റോഡിന് വേണ്ടിയുള്ള സ്ഥലം ഏറ്റെടുക്കുന്ന പദ്ധതി - കരട് സാമൂഹ്യാഘാത പഠന റിപ്പോർട്ട് - സമർപ്പിച്ചു

C8

സൂചന:- കണ്ണൂർ ജില്ലാ കലക്ടറുടെ 6.1.2 1 ലെ DCKNR/9243/C8 നമ്പർ നടപടിക്രമം.

.................

മേൽ വിവരിച്ച പദ്ധതിയുടെ കരട് സാമൂഹ്യാഘാത റിപ്പോർട്ടും പരിഹാര റിപ്പോർട്ടും തുടർ നടപടികൾക്കായി ഇതോടൊപ്പം സമർപ്പിക്കുന്നു.

മട്ടന്നൂർ

27.1.2021.

ആത്മാർത്ഥതയോടെ,

ചെയർമാൻ.

ചെയർമാൻ
സാമൂഹ്യാഘാത പഠന യൂണിററ്

### തുരുത്തിമുക്ക് പാലത്തിലേക്കുള്ള
### അപ്രോച്ച്മെന്റിന് വേണ്ടിയുള്ള
### സ്ഥലം ഏറ്റെടുക്കുന്ന പദ്ധതിയുടെ

# സാമൂഹ്യാഘാത പഠന റിപ്പോർട്ട്



**വിജിൽ മട്ടന്നൂർ**

## ഫോറം നമ്പർ 6

## ഉള്ളടക്കം

### ഭാഗം 1

1. പദ്ധതി സംബന്ധമായ വിവരണം
2. സാമൂഹിക ആഘാത പഠന യൂണിറ്റ്
3. ആവശ്യമായ ഭൂമി സംബന്ധമായ വിവരണം
4. പഠന വിഷയങ്ങളും പഠനോപാധികളും
5. കണ്ടെത്തലുകൾ

### ഭാഗം 2

പദ്ധതിയുടെ സാമൂഹ്യ ആഘാതങ്ങൾ

### ഭാഗം 3

സാമൂഹ്യാഘാത പരിഹാര റിപ്പോർട്ട്

### ഭാഗം 4

ശുപാർശ

ഭാഗം 1

**1. പദ്ധതി സംബന്ധമായ വിവരണം**

കണ്ണൂർ ജില്ലയുടെ തെക്കേ അറ്റത്തു കിടക്കുന്ന പാനൂർ മുനിസിപ്പാലിറ്റിയിൽ ഉൾപ്പെട്ട കരിയാടും കോഴിക്കോട് ജില്ലയുടെ വടക്കേ അറ്റത്ത് സ്ഥിതിചെയ്യുന്ന കിടഞ്ഞി തുരുത്തി മുക്കും തമ്മിൽ ബന്ധിപ്പിക്കുന്ന പാലം നിർമ്മിക്കണമെന്ന ജനങ്ങളുടെ ആവശ്യത്തിന് പതിറ്റാണ്ടുകളുടെ പഴക്കമുണ്ട്. ഇതിനുമുമ്പ് പലതവണ പാലം നിർമ്മിക്കുന്ന സ്ഥലത്തേക്കുള്ള അപ്റോച്ച് റോഡ് നിർമ്മിക്കുന്നതിന് ആവശ്യമായ സ്ഥലം ഏറ്റെടുക്കാനുള്ള ശ്രമങ്ങൾ നടത്തിയിരുന്നുവെങ്കിലും പലകാരണങ്ങളാൽ അതൊന്നും ഫലവത്തായിട്ടില്ല. ഇപ്പോൾ ജനങ്ങൾ വിവിധ ആവശ്യങ്ങൾക്ക് അങ്ങോട്ടുമിങ്ങോട്ടും യാത്ര ചെയ്യാൻ ഉപയോഗിക്കുന്നത് തിരുത്തിക്കടവിലുള്ള തോണിയാണ്. കണ്ണൂർ ജില്ലയിലെ കരിയാട്, കിടഞ്ഞി ഭാഗങ്ങളിൽ ഉള്ളവർക്ക് കോഴിക്കോട് ജില്ലയിലെ വിമാനത്താവളം, മെഡിക്കൽ കോളജ് തുടങ്ങിയ സ്ഥലങ്ങളിലേക്കുള്ള ഏറ്റവും എളുപ്പമായ വഴി തുരുത്തിക്കടവ് വഴിയാണ്. തിരിച്ച് കോഴിക്കോട് ജില്ലയിലെ വടകര താലൂക്കിലെ ഇടച്ചേരി വില്ലേജിലേയും സമീപപ്രദേശങ്ങളിലേയും ജനങ്ങൾക്ക് കുറ്റ്യാടി, വയനാട് ഭാഗത്തേക്ക് പോകാനും ഉള്ള ഏറ്റവും എളുപ്പമായ വഴിയും ഇതുതന്നെയാണ്. ഈ സാഹചര്യത്തിലാണ് തിരുത്തിക്കടവിൽ പുതുതായി നിർമിക്കാൻ ഉദ്ദേശിക്കുന്ന പാലത്തിലേക്കുള്ള അപ്റോച്ച് റോഡിനായുള്ള സ്ഥലം ഏറ്റെടുക്കാൻ കേരള സർക്കാർ ഉത്തരവായത്.

**2. സാമൂഹ്യാഘാത പഠന യൂണിറ്റ്**

ഈ പദ്ധതിയുടെ സാമൂഹ്യാഘാത പഠനം നടത്തുന്നതിനുവേണ്ടി, വിജിൽ മട്ടന്നൂർ എന്ന സാമൂഹ്യാഘാത പഠന യൂനിറ്റിനെ കണ്ണൂർ ജില്ലാകലക്ടർ (14.8.2020 തീയ്യതിയിലെ DCKNR/ 9243/ 2019/ C8 നമ്പർ ഉത്തരവ് പ്രകാരം) നിയമിച്ചിട്ടുണ്ട്. ഇതു സംബന്ധമായ ഗസറ്റ് വിജ്ഞാപനം 5.11.2021 തിയതിയിലെ 37 ാം നമ്പർ അസാധാരണ ഗസറ്റിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്.

സാമൂഹ്യാഘാത പഠന യൂനിറ്റിന്റെ ഘടന താഴെ പറയും പ്രകാരമാണ്.

1. മധുസൂദനൻ. എ. ഡെപ്യൂട്ടി കലക്ടർ (റിട്ട.) – ചെയർമാൻ
2. സരള. സി.ടി. ഡെപ്യൂട്ടി തഹസിൽദാർ (റിട്ട.) – അംഗം

### 3. ആവശ്യമായ ഭൂമി സംബന്ധമായ വിവരണം

## കണ്ണൂർ ജില്ല പട്ടിക

| ക്രമനമ്പർ | ജില്ല | താലൂക്ക് | വില്ലേജ് | ദേശം | സർവ്വേ നമ്പർ | ഏകദേശ വിസ്തീർണ്ണം ഹെക്ടർ |
|---|---|---|---|---|---|---|
| 1 | കണ്ണൂർ | തലശ്ശേരി | പെരിങ്ങത്തൂർ | കരിയാട് | 236/ 9 | 0.0165 |
| 2 | കണ്ണൂർ | തലശ്ശേരി | പെരിങ്ങത്തൂർ | കരിയാട് | 237/ 1 | 0.0028 |
| 3 | കണ്ണൂർ | തലശ്ശേരി | പെരിങ്ങത്തൂർ | കരിയാട് | 237/ 4 | 0.0119 |
| 4 | കണ്ണൂർ | തലശ്ശേരി | പെരിങ്ങത്തൂർ | കരിയാട് | 237/ 5 | 0.0193 |
| 5 | കണ്ണൂർ | തലശ്ശേരി | പെരിങ്ങത്തൂർ | കരിയാട് | 237/ 6 | 0.0332 |
| 6 | കണ്ണൂർ | തലശ്ശേരി | പെരിങ്ങത്തൂർ | കരിയാട് | 239/ 6 b | 0.0733 |

## കോഴിക്കോട് ജില്ല പട്ടിക

| ക്രമനമ്പർ | ജില്ല | താലൂക്ക് | വില്ലേജ് | ദേശം | സർവ്വേ നമ്പർ | | ഏകദേശ വിസ്തീർണ്ണം |
|---|---|---|---|---|---|---|---|
| | | | | | പഴയത് | പുതിയത് | ഹെക്ടർ |
| 1 | കോഴിക്കോട് | വടകര | ഇടച്ചേരി | തുരുത്തി | 18/ 1 | 2/ 1 | 0.0011 |
| 2 | കോഴിക്കോട് | വടകര | ഇടച്ചേരി | തുരുത്തി | 18/ 22 | 4/ 4 | 0.0137 |
| 3 | കോഴിക്കോട് | വടകര | ഇടച്ചേരി | തുരുത്തി | 18/ 12 | 2/ 2 | 0.0703 |
| 4 | കോഴിക്കോട് | വടകര | ഇടച്ചേരി | തുരുത്തി | 18/ 21 | 4/ 2 | 0.0049 |
| 5 | കോഴിക്കോട് | വടകര | ഇടച്ചേരി | തുരുത്തി | 18/ 20 | 4/ 4 | 0.0051 |
| 6 | കോഴിക്കോട് | വടകര | ഇടച്ചേരി | തുരുത്തി | 14/ 21 | 4/ 10, 11 | 0.0036 |
| 7 | കോഴിക്കോട് | വടകര | ഇടച്ചേരി | തുരുത്തി | 14/ 22 | 4/ 11, 12 | 0.0013 |
| 8 | കോഴിക്കോട് | വടകര | ഇടച്ചേരി | തുരുത്തി | 14/ 26 | 4/ 5, 4/ 10 | 0.0044 |
| 9 | കോഴിക്കോട് | വടകര | ഇടച്ചേരി | തുരുത്തി | 18/ 18 | 4/ 3 | 0.0027 |
| 10 | കോഴിക്കോട് | വടകര | ഇടച്ചേരി | തുരുത്തി | 18/ 14 | 4/ 2 | 0.0001 |

4. പഠന വിഷയങ്ങളും പഠനോപാധികളും

1. പഠനവിഷയങ്ങൾ

13.01.2021 ന് ചേർന്ന് സാമൂഹ്യാഘാത പഠന യുനിറ്റിന്റെ യോഗത്തിൽ വെച്ച് പഠനവിഷയങ്ങൾ താഴെ പറയും പ്രകാരം നിശ്ചയിച്ചു.

i) പഠനവിഷയങ്ങൾ

ii) പദ്ധതിക്ക് ആവശ്യമായ ഏറ്റവും കുറഞ്ഞ ഭൂമി മാത്രമാണോ ആവശ്യപ്പെട്ടിട്ടുള്ളത?

iii) പകരം ഭൂമി ലഭ്യമാണോ?

iv) ഏറ്റെടുക്കാൻ ഉദ്ദേശിക്കുന്ന ഭൂമിയിലെ കൃഷികൾ

v) ഏറ്റെടുക്കാൻ ഉദ്ദേശിക്കുന്ന ഭൂമിയിലെ കെട്ടിടങ്ങൾ, കച്ചവട സ്ഥാപനങ്ങൾ തുടങ്ങിയവ

vi) ഭൂമിയിൽ അവകാശമുള്ളവരുടേയും താല്പര്യമുള്ള മറ്റു കക്ഷികളേയും സംബന്ധിച്ച വിവരങ്ങൾ

vii) പദ്ധതിയുടെ സാമൂഹ്യാഘാതങ്ങൾ

viii) പ്രസക്തമായ മറ്റുവിഷയങ്ങൾ

2. പഠനോപാധികൾ

ഭൂ ഉടമകളേയും മറ്റു ബന്ധപ്പെട്ടവരേയും കണ്ട് നേരിട്ടുള്ള വിവരശേഖരണം

ഗ്രൂപ്പ് ചർച്ചകൾ

<u>കണ്ടെത്തലുകൾ</u>

1. ഈ പദ്ധതി പൂർണ്ണമായും സർക്കാർ ഉടമസ്ഥതയിലുള്ളതും മുഴുവൻ ചെലവും സർക്കാർ വഹിക്കുന്നതും ആണ്. പദ്ധതി പൂർണമായും പൊതുജനങ്ങളുടെ ഉപയോഗത്തിനുവേണ്ടി ഉള്ളതാണ്. ആയതിനാൽ ഇത് പൂർണമായും പൊതു സ്വഭാവമുള്ള പദ്ധതി ആണ് എന്നു കാണുന്നു.

<u>2. പദ്ധതിക്ക് ആവശ്യമായ ഏറ്റവും കുറഞ്ഞ ഭൂമി മാത്രമാണോ ആവശ്യപ്പെട്ടിട്ടുള്ളത്?</u>

കോഴിക്കോട് ജില്ലയിലെ ഇടച്ചേരി വില്ലേജിലെ തുരുത്തി ദേശത്തിൽപ്പെട്ട കടവിൽ നിന്നും നിലവിലുള്ള റോഡിലേക്കുള്ള ഏതാണ്ട് 100 മീറ്റർ ദൂരത്തിലാണ് സ്ഥലം എടുക്കേണ്ടത്. ഇവിടെ റോഡിന് ആവശ്യമായ രീതിയിൽ മാത്രമാണ് ഭൂമി ഏറ്റെടുക്കുന്നത്.

കണ്ണൂർ ജില്ലയിലെ കിടഞ്ഞി ഭാഗത്തും ഏതാണ്ട് 100 മീറ്റർ ദൂരത്തിൽ നിലവിലുള്ള റോഡ് വരെ ആണ് ഭൂമി ഏറ്റെടുക്കുന്നത്. തുടർന്ന് മെയിൻ റോഡ് വരെ നിലവിലുള്ള റോഡ് വീതി കൂട്ടാനുള്ള ചെറിയ സ്ഥലവും ഏറ്റെടുക്കുന്നുണ്ട്. ഇവിടെയും റോഡ് നിർമ്മാണത്തിന് ആവശ്യമായ സ്ഥലം മാത്രമാണ് ഏറ്റെടുക്കുന്നത് എന്നു കാണുന്നു.

3. പകരം ഭൂമി ലഭ്യമാണോ?

പുഴയുടെ ഇരുകരകളിലും റോഡ് നിർമ്മിക്കുന്നതിന് സർക്കാർ ഭൂമിയോ മുമ്പ് ഏറ്റെടുത്ത ഭൂമിയോ ലഭ്യമല്ല.

4. ഏറ്റെടുക്കാൻ ഉദ്ദേശിക്കുന്ന ഭൂമിയിലെ കൃഷികൾ

ഏറ്റെടുക്കാൻ ഉദ്ദേശിക്കുന്ന സ്ഥലത്ത് താഴെപ്പറയുന്ന കൃഷികൾ ഉള്ളതായി കാണുന്നു.

പട്ടിക

| ക്രമനമ്പർ | ഇനം | എണ്ണം |
|---|---|---|
| 1 | തെങ്ങ് കായ്ച്ചത് | 52 |
| 2 | തെങ്ങ് കായ്ക്കാത്തത് | 6 |
| 3 | പുളിമരം | 1 |
| 4 | പ്ലാവ് | 1 |
| 5 | ഈന്ത് | 1 |
| 6 | മാവ് | 1 |
| 7 | വാഴ | 30 |
| 8 | കവുങ്ങ് | 9 |
| 9 | മഹാഗണി | 1 |

5. ഏറ്റെടുക്കാൻ ഉദ്ദേശിക്കുന്ന ഭൂമിയിൽ കെട്ടിടങ്ങൾ തുടങ്ങിയവ

ഈ പദ്ധതിക്കുവേണ്ടി എടുക്കാൻ ഉദ്ദേശിക്കുന്ന ഭൂമിയിൽ താമസിക്കുന്ന വീടുകളോ കെട്ടിടങ്ങളോ ഒന്നും തന്നെ ഇല്ല എന്ന് കാണുന്നു.

6. ഭൂമിയുടെ ഉടമസ്ഥരും താല്പര്യമുള്ള മറ്റുള്ളവരും

ഏറ്റെടുക്കാൻ ഉദ്ദേശിക്കുന്ന ഭൂമിയുടെ ഉടമസ്ഥതർ, കൈവശക്കാർ, മറ്റു തൽപരകക്ഷികൾ എന്നിവരുടെ വിവരം താഴെ പട്ടികയിൽ പറയുന്നു.

പട്ടിക

| ക്രമനമ്പർ | ഉടമസ്ഥർ/ തൽപരകക്ഷികൾ<br>പേരും മേൽവിലാസവും | തൊഴിൽ |
|---|---|---|
| 1 | ചാത്തു നിലാരത്ത്- മരിച്ചു.<br>അവകാശികൾ<br>1. പ്രഭാകരൻ 2. പ്രജീഷ് 3. പ്രഭിത<br>നിലാരത്ത് ഹൗസ്, പോസ്റ്റ് ഇടച്ചേരി നോർത്ത്, വടകര | സ്വന്തം |
| 2 | കദിയ<br>പുഴക്കൽ ഹൗസ്<br>പോസ്റ്റ് ഇടച്ചേരി നോർത്ത്, വടകര | സ്വന്തം |
| 3 | വിനോദൻ. കെ.<br>പുളിക്കൽ<br>പോസ്റ്റ് ഇടച്ചേരി നോർത്ത്, വടകര | ഡ്രൈവർ |
| 4 | പുഴക്കൽ അമ്മദ്<br>പുളിക്കൽ<br>പോസ്റ്റ് ഇടച്ചേരി നോർത്ത്, വടകര | സ്വന്തം |
| 5 | അശോകൻ. കെ.<br>കുനിയിൽ ഹൗസ്<br>പോസ്റ്റ് ഇടച്ചേരി നോർത്ത്, വടകര | കൂലി |
| 6 | കരുണൻ പുളിക്കൻ<br>മിഥുലാപുരി<br>പോസ്റ്റ് ഇടച്ചേരി നോർത്ത്, വടകര | സ്വന്തം |
| 7 | മിനി പുളിക്കൻ<br>മിഥുലാപുരി<br>പോസ്റ്റ് ഇടച്ചേരി നോർത്ത്, വടകര | പെൻഷനർ |

| ക്രമനമ്പർ | ഉടമസ്ഥർ/ തൽപരകക്ഷികൾ പേരും മേൽവിലാസവും | തൊഴിൽ |
|---|---|---|
| 8 | സത്യനാഥ് ഓരയിൽ<br>ഓരയിൽ ഹൗസ്<br>പോസ്റ്റ് ഇടച്ചേരി നോർത്ത്, വടകര | പെൻഷനർ |
| 9 | അബ്ദുറഹീം പെരിയാണ്ടി<br>പെരിയാണ്ടി ഹൗസ്<br>പോസ്റ്റ് ഇടച്ചേരി നോർത്ത്, വടകര | വിദേശം |
| 10 | മൊയ്തു മുഹമ്മദ്. സി.വി.<br>പെരിയാണ്ടി ഹൗസ്<br>പോസ്റ്റ് ഇടച്ചേരി നോർത്ത്, വടകര | സ്വന്തം |
| 11 | ദിനേശൻ. പി.<br>പുളിക്കൽ ഹൗസ്<br>പോസ്റ്റ് ഇടച്ചേരി നോർത്ത്, വടകര | കൂലി |
| 12 | സഫിയ<br>പുല്ലൂക്കൽ ഹൗസ്<br>പോസ്റ്റ് കിടഞ്ഞി | സ്വന്തം |

## പെരിങ്ങത്തൂർ– കരിയാട്

| ക്രമനമ്പർ | ഉടമസ്ഥർ/ തൽപരകക്ഷികൾ പേരും മേൽവിലാസവും | തൊഴിൽ |
|---|---|---|
| 1 | അബ്ദുള്ള മണ്ണയോട്<br>പോസ്റ്റ് കിടഞ്ഞി | ഗവ. ജീവനം |
| 2 | ബഷീർ മണ്ണയോട്<br>പോസ്റ്റ് കിടഞ്ഞി | കൗൺസിലർ |
| 3 | ഹമീദ് മണ്ണയോട്<br>പോസ്റ്റ് കിടഞ്ഞി | ഗൾഫ് |
| 4 | ബുഷറ. എം.പി.,<br>റൈയാൻ, മീത്തലെ പെറ്റേറി,<br>പോസ്റ്റ് കിടഞ്ഞി | സ്വന്തം |
| 5 | ബഷീർ സൂപ്പി<br>പോസ്റ്റ് കിടഞ്ഞി | ബിസിനസ്സ് |
| 6 | ജമീല നാലുപുരക്കൽ<br>പോസ്റ്റ് കിടഞ്ഞി | സ്വന്തം |
| 7 | മമ്മദ് ഹാജി<br>വട്ട പുതുശ്ശേരി<br>പോസ്റ്റ് കിടഞ്ഞി | കൃഷി |
| 8 | ആസ്മ പിലാത്തള്ളിൽ<br>പോസ്റ്റ് കിടഞ്ഞി | സ്വന്തം |
| 9 | നസീമ<br>വട്ടപുതുശ്ശേരി<br>പോസ്റ്റ് കിടഞ്ഞി | സ്വന്തം |
| 10 | തുരുത്തിയിൽ മഹറൂഫ്<br>പോസ്റ്റ് കിടഞ്ഞി | ബിസിനസ്സ് |

| ക്രമനമ്പർ | ഉടമസ്ഥർ/ തൽപരകക്ഷികൾ പേരും മേൽവിലാസവും | തൊഴിൽ |
|---|---|---|
| 11 | തുരുത്തിയിൽ നസീമ<br>പോസ്റ്റ് കിടഞ്ഞി | സ്വന്തം |
| 12 | റഷീദ്<br>കൊറ്റിയിൽ ഹൗസ്<br>പോസ്റ്റ് കിടഞ്ഞി | സ്വന്തം |
| 13 | ശശി തട്ടാന്റവിട<br>പോസ്റ്റ് കിടഞ്ഞി | ബാങ്ക് ജീവനം |
| 14 | ഇബ്രാഹിം<br>പോസ്റ്റ് കിടഞ്ഞി | കൃഷി |

**7. പദ്ധതിയുടെ സാമൂഹ്യാഘാതങ്ങൾ**

പദ്ധതിപ്രദേശത്തെ ജനങ്ങളുമായി നേരിട്ട് കണ്ട് വിവരം ശേഖരിക്കുകയും ഇരു കരകളിലെയും ജനങ്ങളുടെ ഗ്രൂപ്പ് ചർച്ചകളിൽ നിന്നും പദ്ധതി മൂലം ഉണ്ടാവാൻ ഇടയുള്ള സാമൂഹ്യാഘാതങ്ങൾ താഴെ പറയുംവിധം ആണ് എന്ന് കാണുന്നു.

**i) കാർഷിക മേഖലക്ക് ഉണ്ടാകുന്ന നഷ്ടം**

കോഴിക്കോട് ജില്ലയിലെ തുരുത്തി ദേശത്തെ 0.1012 ഹെക്ടർ ഭൂമി ആണ് ഏറ്റെടുക്കുന്നത്. ഇതിൽ ഭൂരിപക്ഷവും പെരിയാണിയിൽ കദിയ എന്നവരുടേത് ആണ്. ഇത് വളരെ ഫലഭൂയിഷ്ഠമായ ഒരു കൃഷി സ്ഥലമാണ്. കണ്ണൂർ ജില്ലയിലെ കിടഞ്ഞി ഭാഗത്ത് ഏറ്റെടുക്കുന്ന ഭൂമിയിലും വലുതായ കൃഷി നാശം സംഭവിക്കുന്നില്ല.

മേൽപറഞ്ഞതിൽ നിന്നും ഈ പദ്ധതിമൂലം പ്രദേശത്തിന്റെ കാർഷികമേഖലക്ക് വലിയ തോതിലുള്ള ആഘാതങ്ങൾ ഒന്നുംതന്നെ സംഭവിക്കുന്നില്ല എന്ന് കാണുന്നു.

**തൊഴിൽ സംബന്ധമായ നഷ്ടം**

ഈ പദ്ധതി നടപ്പിലാക്കുന്നതോടെ തുരുത്തിക്കടവിൽ ആളുകളേയും ചരക്കും കടത്താൻ ഉപയോഗിക്കുന്നത തോണിക്കാർക്ക് തൊഴിൽ നഷ്ടപ്പെടും എന്ന് കാണുന്നു.

**പൊതുഇടങ്ങൾക്ക് ഉണ്ടാവുന്ന നഷ്ടം**

ഈ പദ്ധതിക്കുവേണ്ടി പൊതുസ്ഥാപനങ്ങളോ കളിസ്ഥലങ്ങളോ തോട്, ഇടവഴി തുടങ്ങിയ പുറമ്പോക്കുകളോ മേച്ചിൽ സ്ഥലങ്ങളോ ഒന്നും തന്നെ ഏറ്റെടുക്കുന്നില്ല.

**പരിസ്ഥിതിക്ക് ഉണ്ടാവാൻ ഇടയുള്ള നഷ്ടം**

ഈ പദ്ധതി നടപ്പിലാക്കുന്നത് മൂലം പ്രദേശത്തിന്റെ പരിസ്ഥിതിക്ക് കാര്യമായ ആഘാതം ഒന്നും തന്നെ സംഭവിക്കുന്നില്ല എന്ന് കാണുന്നു.

294605/2021/(J),DCKNR

ഭാഗം 3

## സമൂഹ്യാഘാത പരിഹാര റിപ്പോർട്ട്

പദ്ധതി മൂലം കൃഷിക്കുണ്ടാവുന്ന നഷ്ടം പകരം പ്ലാന്റേഷനിലൂടെ പരിഹരിക്കാവുന്നതാണ്. കൃഷിവകുപ്പും മുനിസിപ്പാലിറ്റിയും പഞ്ചായത്തും ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

പദ്ധതി മൂലം തൊഴിൽ നഷ്ടപ്പെടുന്ന തോണിക്കാർക്ക് പകരം ജോലി നൽകാൻ സാധിക്കുമോ എന്ന കാര്യം പരിശോധിക്കേണ്ടതാണ്. അതിന് സാധ്യമല്ലെങ്കിൽ അനുവദനീയമായ നഷ്ടപരിഹാരം നൽകുന്ന കാര്യം പരിഗണിക്കാവുന്നതാണ്. ഇടച്ചേരി ഗ്രാമ പഞ്ചായത്ത് ആയതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

സ്ഥലം ഏറ്റെടുക്കുന്നതിന് ജനങ്ങൾക്ക് കാര്യമായ എതിർപ്പ് ഒന്നും തന്നെ ഇല്ല. ന്യായമായ നഷ്ടപരിഹാരം ലഭിക്കണം എന്ന് മാത്രമാണ് ആവശ്യം. ന്യായമായ നഷ്ടപരിഹാരം ലഭിച്ചാൽ ജനങ്ങളുടെ എതിർപ്പ് ഇല്ലാതാവുന്നതാണ്. ആയതിനുള്ള നടപടികൾ സ്പെഷ്യൽ തഹസിൽദാർ ഉറപ്പുവരുത്തേണ്ടതാണ്.

## ശുപാർശ

ഈ പദ്ധതിമൂലം കോഴിക്കോട്, കണ്ണൂർ ജില്ലകളിലെ ജനങ്ങൾക്ക് അവരുടെ ദൈനംദിന ജീവിതത്തിൽ വളരെയേറെ ഉപകാരം ഉണ്ടാവുന്നുണ്ട്. രണ്ട് ജില്ലകൾക്കിടയിലുള്ള വ്യാപാരബന്ധങ്ങൾ മെച്ചപ്പെടുന്നതിനു സഹായകരമാകും. പദ്ധതിമൂലം സംഭവിക്കാവുന്ന ദോഷങ്ങൾ താരതമ്യേന കുറവാണ്. പദ്ധതികൊണ്ട് ഉണ്ടാകാവുന്ന ഗുണവും ദോഷവും പരിഗണിക്കുമ്പോൾ ഗുണവശങ്ങൾ ദോഷവശങ്ങളേക്കാൾ എത്രയോ കൂടുതൽ ആണ് എന്ന് കാണുന്നു. ഈ സാഹചര്യത്തിൽ ഈ പദ്ധതി വിഭാവനം ചെയ്ത രീതിയിൽ നടപ്പിലാക്കുന്നതിന് ഈ യൂനിറ്റ് ശുപാർശ ചെയ്യുന്നു.

മട്ടന്നൂർ
20.01.2021

ചെയർമാൻ